**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**നിയമസഭാ ചോദ്യം നമ്പർ : 175** **22.03.2012-ൽ മറുപടിക്ക്.**

## അഗ്നിശമന സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) അഗ്നിശമന സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | : (എ) അഗ്നിശമനസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് 2011-12 സാമ്പത്തിക വർഷത്തിൽ കേരള ബഡ്ജറ്റിൽ വിവിധ പദ്ധതികളിലായി 27.39 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിച്ച് 12 മിനി വാട്ടർ മിസ്റ്റ് ടെണ്ടറുകൾ, 3 എമർജൻസി ടെണ്ടറുകൾ, 2 റിക്കവറി വാഹനങ്ങൾ, 3 വാട്ടർ ബൗസർ, 20 മോട്ടോർ സൈക്കിൾ വിത്ത് വാട്ടർ മിസ്റ്റ് സിസ്റ്റം, 12 സെറ്റ് ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, 22 അണ്ടർ വാട്ടർ ബ്രീത്തിംഗ് അപ്പാരറ്റസ്, 50 സാധാരണ ബ്രീത്തിംഗ് അപ്പാരറ്റസ്, 60 ഫ്ളോട്ട് പമ്പ്, 14 പോർട്ടബിൾ പമ്പ്, 3 പവർ അസൻഡർ തുടങ്ങിയ ആധുനിക രക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി . |

(മറുപുറം)

| | |
|---|---|
| | ബഹുനില മന്ദിരങ്ങളിലെ അഗ്നിശമന രക്ഷാപ്രവർത്തനങ്ങൾക്കായി ഒരു സ്കൈലിഫ്റ്റ് വാങ്ങുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കൂടുതൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ; | : (ബി) പുതിയ അഗ്നിശമന രക്ഷാനിലയങ്ങൾ ആരംഭിക്കുന്നതിന് 22 സ്ഥലങ്ങളുടെ മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലവും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക്, ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി കൂടുതൽ അഗ്നിശമന രക്ഷാനിലയങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) അഗ്നിശമന സേനാ വിഭാഗത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് രൂപീകരിക്കുന്ന കാര്യം ആലോചിക്കുമോ ? | : (സി) മോട്ടോർ ട്രാൻസ്പോർട്ട വിംഗ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ